ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): ഗാന്ധിശതാബ്ദി പ്രമാണിച്ചുള്ള ഇലക്ട്രിസിറ്റി ബോർഡിന്റെ പദ്ധതി എന്തെന്നു പറയാമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അതിനു വേറൊരു ചോദ്യമുണ്ട്.

(ii) WRITTEN ANSWERS

ഹിന്ദി കോളേജുകൾ

* 301 [1025] ശ്രീ. പി. പി. വിൽസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹിന്ദി കോളേജുകൾ നിറുത്തലാക്കാനുള്ള കാരണമെന്ത്;

(ബി) കോളേജുകൾ ഇൻസ്റ്റിറ്റ്യൂട്ടുകളാക്കുവാൻ പ്രത്യേക കാരണങ്ങൾ വല്ലതുമുണ്ടോ;

(സി) ഇൻസ്റ്റിറ്റ്യൂട്ടുകൾ ആക്കുന്നതുകൊണ്ട് ഹിന്ദി പഠനത്തിന്റെ സ്റ്റാൻഡാർഡിനെ എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ): (എ, ബി, സി.) 13-10-69-ൽ * 953-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിലേക്ക് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

ടി. ടി. സി. പാസ്സായിട്ടും നിയമനം ലഭിക്കാത്തവർ

* 302 [1036] ശ്രീ. എ. എസ്സ്. പുരുഷോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടി. ടി. സി. പാസ്സായിട്ടും നിയമനം ലഭിക്കാത്തവർക്ക് തൊഴിൽ നൽകാനുള്ള വല്ല പദ്ധതിയും ഗവർമ്മെൻറിന്റെ പരിഗണനയിലുണ്ടോ;

(ബി) ഏതുവർഷം പാസ്സായവർക്കുവരെ ജോലി ലഭിക്കാതുണ്ടെന്നും, ഓരോ വർഷത്തിലും ജോലി ലഭിക്കാത്തവർ എത്രയെന്നുമുള്ള വിവരം മേശപ്പുറത്ത് വയ്ക്കുമോ;

(സി) ടി. ടി. സി. പാസ്സായിട്ടുള്ളവർക്ക് ജോലി ലഭിക്കാതിരിക്കെ പാസ്സാകാത്തവർക്ക് സ്വകാര്യ സ്കൂളുകളിൽ ജോലി ലഭിക്കുന്നുണ്ടെന്ന് ഗവർമ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ സംപ്രദായം അവസാനിപ്പിക്കുന്നതിന് വല്ല നടപടിയും സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

വിദ്യാഭ്യാസ മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ): (എ) വിശേഷാൽ യാതൊരു പദ്ധതിയുമില്ല. ടി. ടി. സി. പാസ്സായിട്ടും പലർക്കും നിയമനം ലഭിക്കാതിരിക്കുന്നു എന്നത് പരിഗണിച്ച് ട്രെയിനിംഗ് സ്കൂളുകളിൽ പ്രവേശനം നൽകുന്ന വിദ്യാർത്ഥികളുടെ എണ്ണം സാരമായി കുറച്ചിട്ടുണ്ട്.

(ബി) വർഷം തോറും ഇങ്ങിനെ ജോലി ലഭിക്കാതിരിക്കുന്നവരുടെ കൃത്യമായ എണ്ണം ശേഖരിക്കുക വിഷമകരമാണ്, എങ്കിലും 7500-ഓളം

LIBRARY ARCHIVES Kerala Legislative Assembly